ഉത്തരം

(എ) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ എള്ളനാട് വില്ലേജിലെ കാർത്തിക ദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്കെതിരെ മണ്ണ് സംരക്ഷണ വിഭാഗം ഓഫീസറുടെ അർത്ഥന പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളതാണ്. ഓരോ യൂണിറ്റിലും 25,000 രൂപ വീതം കുടിശ്ശികയുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കുടിശ്ശിക ഒഴിവാക്കേണ്ടത് അർത്ഥനാധികാരി ആയതിനാൽ ഈ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

കൊയിലാണ്ടി താലൂക്കിലെ റീ-സർവ്വേ നടപടികളുടെ പുരോഗതി

139(4770) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിൽ നടന്നുവരുന്ന റീ-സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകൾ ഏതെല്ലാം?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ 36 വില്ലേജുകളിൽ മേപ്പയൂർ വില്ലേജിന്റെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഇരിങ്ങൽ വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പുരോഗതിയിലാണ്.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പച്ചോളി
2. ഉറയൂർ
3. ചെറുവണ്ണൂർ
4. പാലോറി

LIBRARY ARCHIVES Kerala Legislative Assembly

5. ചെമ്പനോട
6. പേരാമ്പ്ര
7. മഞ്ഞാണ്യം
8. അരിക്കുളം
9. മൂടാടി
10. പന്തലായനി
11. ചേമഞ്ചേരി
12. ഇള്ളേ്യരി
13. കോട്ടൂർ
14. ക്കുരാച്ചുണ്ട്
15. അവിടനല്ലൂർ
16. പനങ്ങോട്
17. ശിവപുരം
18. തിക്കോടി
19. കൊഴുക്കല്ലൂർ
20. എരവട്ടൂർ
21. ചങ്ങരോത്ത്
22. ചക്കിട്ടപ്പാറ
23. ക്കുത്താളി
24. തൊച്ചാട്
25. കീഴരിയൂർ
26. വിയ്യൂർ
27. ചേങ്ങോട്കാവ്

LIBRARY ARCHIVES Kerala Legislative Assembly

28. അത്തോളി
29. നടുവണ്ണൂർ
30. കായണ്ണ
31. കാന്തലാട്
32. ബാലുശ്ശേരി
33. കിനാലൂർ
34. ഉണ്ണികുളം

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പാലക്കാട് ജില്ലാ സമിതി മുമ്പാകെ ലഭിച്ച അപേക്ഷകൾ

140(4771) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കഴിഞ്ഞ വർഷം പാലക്കാട് ജില്ലാ സമിതി മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര എണ്ണം പരിഹരിച്ചു? എത്ര എണ്ണത്തിൽ തീർപ്പു കല്പിച്ചു;

(സി) അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;

(ഡി) അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധനയ്ക്കു വിധേയമാക്കാറുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭവന നിർമ്മാണത്തിന് നിലം പരിവർത്തനപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ 1559 അപേക്ഷകൾ ലഭിച്ചു.

(ബി) അവയിൽ 1498 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുകയും ഇവയിൽ 1131 എണ്ണത്തിൽ നിലം പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly